

# ഭാരതീയവും
## സാഹിതീയവും

ഡോ. സുകുമാർ അഴീക്കോട്

വർത്തമാനകാല
ഇന്ത്യൻ അവസ്ഥകളോട്
ധീരമായി സംവദിക്കുന്ന
ഡോ. സുകുമാർ അഴീക്കോടിന്റെ
പ്രൗഢ ലേഖനങ്ങളുടേയും
സാഹിത്യ നിരൂപണങ്ങളുടേയും
അപൂർവ്വ സമാഹാരം.

FT-1571 SIL-4453 വില 130 രൂപ

ISBN-978-81-200-4453-1


Published by the State Institute Of Languages,Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages,at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ഭാരതീയവും സാഹിതീയവും ഡോ. സുകുമാർ അഴീക്കോട്

# ഭാരതീയവും
## സാഹിതീയവും

ഡോ. സുകുമാർ അഴീക്കോട്



2042.

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2042 ............ Call No. ........................

This book should be returned on or before the date last given below.

Malayalam
**BHARATHEEEYAVUM SAHITHEEYAVUM**
(Essays)

Author
Dr. Sukumar Azhikode

First Published : July 2010
Second Edition: April 2019

Typeset at
SIL-DTP Section

Printed at
Vijnanamudranam Press
Thiruvananathapuram

Published by
The State Institute of Languages
Kerala, Thiruvananthapuram-695 003
☎ 0471-2316306,2314768

© The State Institute of Languages, Kerala
Thiruvananthapuram - 2014

Copies : 1000
**Price : ₹ 130**

SIL / 4453 ISBN 978-81-200-4453-1

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.

# ഭാരതീയവും സാഹിതീയവും

(രണ്ടാം പതിപ്പ്)

ഡോ. സുകുമാർ അഴീക്കോട്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

**ഡോ. സുകുമാർ അഴീക്കോട്**

ചിന്തകൻ, വാഗ്മി, അദ്ധ്യാപകൻ, വിമർശകൻ. ജനനം: 12-05-1926-ൽ, കണ്ണൂർ ജില്ലയിലെ അഴീക്കോട്. 1946ൽ ബി.കോം ബിരുദം. തുടർന്ന് ബി.ടി മലയാളത്തിലും സംസ്കൃതത്തിലും എം.എ; പി.എച്ച്.ഡി. ചിറയ്ക്കൽ രാജാസ് ഹൈസ്കൂൾ, മംഗലാപുരം സെന്റ് അലോഷ്യസ് കോളജ്, കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളജ് എന്നിവിടങ്ങളിൽ അദ്ധ്യാപനം. മൂത്തകുന്നം എസ്.എൻ.എം ട്രെയിനിംഗ് കോളജ് പ്രിൻസിപ്പൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മലയാളം പ്രൊഫസർ, പ്രോ-വൈസ് ചാൻസലർ. 1986ൽ സർവ്വീസിൽ നിന്ന് വിരമിച്ചു. 'തത്ത്വമസി' കേന്ദ്ര-കേരള സാഹിത്യ അക്കാദമികളുടെ അവാർഡിന് അർഹമായി, വയലാർ അവാർഡ്, രാജാജി അവാർഡ്, വള്ളത്തോൾ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചു. നവഭാരതവേദി എന്ന സംഘടനയുടെ സ്ഥാപകപ്രസിഡന്റായിരുന്നു. ദീനബന്ധു, മലയാള ഹരിജൻ, ദേശമിത്രം, നവയുഗം, ദിനപ്രഭ എന്നീ പത്രങ്ങളിൽ പ്രവർത്തിച്ചു. ഒടുവിൽ വർത്തമാനം പത്രാധിപർ. സമസ്ത കേരള സാഹിത്യ പരിഷത്ത് പ്രസിഡന്റും നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ചെയർമാനുമായിരുന്നു (1993-96). അവിവാഹിതൻ, തൃശ്ശൂർ ജില്ലയിലെ ഇരവിമംഗലത്ത് താമസം.

ആശാന്റെ സീതാകാവ്യം, രമണനും മലയാളകവിതയും, മഹാത്മാവിന്റെ മാർഗം, പുരോഗമനസാഹിത്യവും മറ്റും, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, മലയാള സാഹിത്യവിമർശനം, വായനയുടെസ്വർഗ്ഗത്തിൽ, തത്ത്വമസി, മലയാളസാഹിത്യ പഠനങ്ങൾ, വിശ്വസാഹിത്യപഠനങ്ങൾ, തത്ത്വവും മനുഷ്യനും, ഖണ്ഡനവും മണ്ഡനവും, എന്തിനു ഭാരതധരേ?, അഴീക്കോടിന്റെ പ്രഭാഷണങ്ങൾ, അഴീക്കോടിന്റെ ഫലിതങ്ങൾ, ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ, കാഴ്ചകൾ, ഭാരതീയത, നവയാത്രകൾ, പുരപുഷ്പങ്ങൾ, ഗുരുവിന്റെ ദുഃഖം, വായിച്ച് വളർന്ന കഥ, അഴീക്കോടിന്റെ ലേഖനങ്ങൾ, അഴീക്കോട്ടു മുതൽ അയോദ്ധ്യ വരെ എന്നിവ ഉൾപ്പെടെ മുപ്പത്തഞ്ചിലേറെ കൃതികൾ.


| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | രമ്യ കെ. ജയപാൽ |
| പ്രൂഫ് | : | എം.ജെ. ഷെർലി |
| കവർ ഡിസൈൻ | : | അബ്ദുൾ അസീസ് |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Remya K. Jayapal |
| Proof | : | M.J. Sherly |
| Cover Design | : | Abdul Azeez |


# ആമുഖം

'പ്രഭാഷകൻ' എന്ന പദം കേൾക്കുമ്പോൾ മലയാളികളുടെ മനസിൽ ആദ്യം തെളിയുന്ന ചിത്രമാണ് ഡോ. സുകുമാർ അഴീക്കോടിന്റേത്. സ്വതസിദ്ധമായ ശൈലികൊണ്ട് ജനഹൃദയങ്ങൾ കീഴടക്കിയ വാഗ്മിയാണ് അദ്ദേഹം. ഭൂമിയ്ക്ക് താഴെയുള്ള ഏത് വിഷയത്തെക്കുറിച്ചും തന്റേതായ അഭിപ്രായം ധൈര്യപൂർവം പറയാൻ ഒരിക്കലും മടികാണിക്കാത്ത അസാമാന്യപൗരുഷത്തിന്റെ പ്രതീകമായിരുന്ന ഡോ. സുകുമാർ അഴീക്കോടിനെ വായിക്കുവാനുള്ള വായനക്കാരുടെ താൽപ്പര്യത്തെ മാനിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രബന്ധങ്ങളുടെ സമാഹാരമായ 'ഭാരതീയവും സാഹിതീയവും' എന്ന പുസ്തകത്തിന്റെ മൂന്നാം പതിപ്പ് പ്രിയപ്പെട്ട വായനക്കാർക്ക് നൽകുന്നു.

ഏപ്രിൽ 2019 — പ്രൊഫ. വി. കാർത്തികേയൻ നായർ
രമ്യ കെ. ജയപാലൻ

# ഉള്ളടക്കം

പേജ്

**ഭാഗം ഒന്ന്**


| | | |
|---|---|---|
| 1. | ഒരൊറ്റ ഭാരതം, ഒരൊറ്റ ജനത | 1 |
| 2. | വലുതായി കാണുക | 8 |
| 3. | നഷ്ടപ്പെട്ട 'മഹാകാശം' | 14 |
| 4. | വേദമോ ഭേദമോ? | 18 |
| 5. | സംന്യാസം വന്ധ്യമാക്കപ്പെട്ട | 25 |
| 6. | ശങ്കരനും ശങ്കരാചാര്യന്മാരും | 30 |
| 7. | ഭയം നമ്മെ വേട്ടയാടുന്നു | 34 |
| 8. | മതങ്ങൾക്കപ്പുറത്ത് | 40 |
| 9. | ഇന്ത്യ എന്ന അഹല്യ | 43 |
| 10. | അപസ്മാരംബാധിച്ച നാട് | 47 |
| 11. | ഈ രാജ്യം എങ്ങോട്ട്? | 54 |
| 12. | ഇന്ത്യയെ ഭരിക്കുന്നതാര്? | 57 |
| 13. | മതേതരത്വവും രാഷ്ട്രസങ്കൽപ്പവും | 65 |
| 14. | മതമോ മതേതരത്വമോ മരിക്കുന്നത് | 71 |
| 15. | വിവേകാനന്ദന്റെ 'രണ്ടാം വരവ്' | 78 |
| 16. | അഴിമതിയുടെ ശാപഭൂമിയിൽ | 81 |
| 17. | പഴയ ശാപവും പുതിയ പാപവും | 89 |
| 18. | മുഖം മൂടിയ സത്യം | 94 |


**ഭാഗം രണ്ട്**


| | | |
|---|---|---|
| 1. | ഭാരതീയസാഹിത്യത്തിലെ അന്തർഗതാഗതം | 101 |
| 2. | ഭാരതീയത നമ്മുടെ കവിതയിൽ | 108 |
| 3. | സാഹിത്യത്തിന്റെ ആക്രമണോന്മുഖത | 116 |
| 4. | എഴുത്തുകാരനും സംസ്കാരനായകനും | 122 |
| 5. | എഴുത്തുകാരന്റെ കബറടക്കൽ | 131 |

6. വേരുണങ്ങുന്ന സാഹിത്യവിമർശനം 136
7. വേറൊരു ഗുണ്ടർട്ട് 141
8. ചന്തുമേനോന്റെ കാഴ്ചപ്പാട് 144
9. പന്തളം കേരളവർമ്മ- ഒരു നോട്ടത്തിൽ 151
10. സി.വി. കുഞ്ഞുരാമന്റെ മലയാളദർശനം 157
11. ജിയെ ഓർത്തുകൊണ്ട് 164
12. കുരിശു ചുമന്ന എം.പി. പോൾ 177
13. വ്യത്യസ്തമായ ഇടശ്ശേരിക്കവിത 180
14. ബാലയും അമ്മയും വിശ്വാംബികയും 184
15. നിയമസഭയിലെ തീനാളം 190
16. ബഷീറിന് ഒരു ആമുഖം 198
17. വിമോചകനായ തകഴി 213
18. വിജയനും ഞാനും-ചില അടുപ്പങ്ങൾ 217


# ഒരൊറ്റ ഭാരതം, ഒരൊറ്റ ജനത

എന്താണ് ഇന്ത്യ? ഈ ചോദ്യം ഇന്ത്യക്കാരും ഇന്ത്യയ്ക്ക് വെളിയിലുള്ളവരും ചോദിച്ചുകൊണ്ടേയിരിക്കുന്നു. ഉത്തരം കിട്ടാത്തതുകൊണ്ടോ പോരാത്തതുകൊണ്ടോ, ചോദ്യം തുടരുകയാണ്. ഇന്ത്യക്കാർ ഈ ചോദ്യം ചോദിച്ചതിനെക്കാൾ കൂടുതൽ മറുനാട്ടുകാർ ഇതു ചോദിച്ചിട്ടുണ്ട്. വേദാന്തത്തിന്റെയും സംന്യാസത്തിന്റെയും നാട് എന്നുതൊട്ട് ഇന്ദ്രജാലക്കാരുടെയും പിച്ചക്കാരുടെയും നാട് എന്നുവരെ വിചിത്രങ്ങളായ പല ഉത്തരങ്ങളും വിദേശിയർ കണ്ടെത്തിയിട്ടുണ്ട്. മാക്സ് മുള്ളറും തോറോവും മുതൽ മിസ് മേയോവും ബെവർലി നിക്കോൾസും വരെയുള്ളവർ ഇക്കൂട്ടത്തിൽപ്പെടുന്നു. ആദ്യത്തെ കൂട്ടർ ഇന്ത്യയുടെ ഹൃദയത്തിലേക്ക് അടുക്കാൻ ശ്രമിച്ചപ്പോൾ മറ്റവർ ഇന്ത്യയിൽ നിന്ന് എത്ര അകലാമോ അത്രയും അകന്നുപോയി.

ഇന്ത്യയിൽ ജീവിച്ചു മരിക്കുന്നവർക്കും ഈ ചുമതലയുണ്ടോ- ഇന്ത്യ എന്താണ് എന്ന് കണ്ടുപിടിക്കുന്ന ചുമതല? ഇല്ലെന്ന മട്ടിലാണ് പൊതുവിൽ ഇന്ത്യക്കാരുടെ നില്പ്. ഇന്ത്യയെപ്പറ്റി മറ്റുള്ളവർ ചിന്തിച്ചും ക്ലേശിക്കട്ടെ എന്നാണ് പൊതുവെ നമ്മുടെ നിലപാട് എന്നു പറയാം. ഭൂതലത്തിൽ എവിടെക്കിടക്കുന്നു എന്ന് കണ്ടുപിടിക്കാൻ കൊളമ്പസും വാസ്കോ ഡ ഗാമയും മറ്റും ആളും പണവും പണയപ്പെടുത്തി വൻ കടൽത്തിരമാലകൾക്കിടയിൽക്കിടന്ന് പിടഞ്ഞുകഴിഞ്ഞിരുന്ന കാലത്ത് ഇന്ത്യക്കാർ ഇവിടെ സുഖസുഷുപ്തിയിലായിരുന്നു. സുഷുപ്തിയില്ലാത്തപ്പോൾ കലഹത്തിലും! ആ കലഹവും നിദ്രയുടെ മറ്റൊരു വശമായിരുന്നു. അങ്ങനെയങ്ങനെ ഇന്ത്യക്കാർ ഉറങ്ങുമ്പോൾ, ഉണർന്നുകഴിഞ്ഞ രാജ്യങ്ങൾ ഒടുവിൽ ഇന്ത്യയെ സ്വന്തമാക്കി. എന്നിട്ടും വളരെക്കഴിഞ്ഞാണ് ഇന്ത്യ ഉണരാൻ കൂട്ടാക്കിയത്.

## ഇന്ത്യയെ കണ്ടെത്തണം

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടണമെങ്കിൽ ഇന്ത്യ എന്താണെന്ന് കണ്ടെത്തണം എന്ന് അന്നാണ് ഇന്ത്യയ്ക്ക് ബോധമുണർന്നത്. സ്വാമി വിവേകാനന്ദൻ അത് ഹിമഗിരിതൊട്ട് കുമാരിവരെ പ്രതിധ്വനിപ്പിച്ചു. ഇന്ത്യ ഏതോ അറിവില്ലായ്മയുടെ മായാന്ധകാരത്തിൽപ്പെട്ടുഴലുകയാണെന്ന് സ്വാമികൾ ഇന്ത്യക്കാരെ ധരിപ്പിച്ചു. ഇന്ത്യക്കാരുടെ ഇടയിലുള്ള മതവിരോധങ്ങളും പരസ്പരസ്പർധകളും ഹിന്ദുക്കളുടെ ഇടയിൽ നടമാടിയിരുന്നു. മനുഷ്യ നിഷേധിയായ ജാതിവ്യത്യാസവും അസൂയാസഹിഷ്ണുതകൾകൊണ്ട് വളർന്നുവന്ന